ഉപരിയായി വനാന്തരങ്ങളിൽ പ്രൊട്ടക്ഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചും പതിവായുള്ള പട്രോളിംഗ് ഏർപ്പെടുത്തിയും സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് വാർത്താവിനിമയ സൗകര്യങ്ങളും, ആയുധങ്ങളും നൽകിയും സംരക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സംരക്ഷിക്കാൻ നടപടി

90 [641] ശ്രീ. കെ. എ. ചന്ദ്രൻ :

„ എം. കെ. പോൾസൺ മാസ്റ്റർ :

„ കെ. സുധാകരൻ :

„ കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗസ്ത്യവനം ബയോളജിക്കൽ പാർക്കായി പ്രഖ്യാപിക്കപ്പെട്ടത് എന്നാണ്; ഈ ബയോളജിക്കൽ പാർക്കിന്റെ പ്രത്യേക സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരിക്കുന്നു ;

(ബി) ഇതിന്റെ സംരക്ഷണ നടപടികൾ നിർത്തിവയ്ക്കുകയോ, സംരക്ഷണ നടപടികളിൽ കുറവ് വരുത്തുകയോ ചെയ്തിട്ടുണ്ടോ ;

(സി) കോട്ടൂർ റെയിഞ്ച് ഈ ബയോളജിക്കൽ പാർക്കിന്റെ ഭാഗമാണോ ; ഈ റെയിഞ്ചിനെ സമീപ റെയിഞ്ചുകളിൽ ലയിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) അഗസ്ത്യവനം ബയോളജിക്കൽ പാർക്കായി പ്രഖ്യാപിക്കപ്പെട്ടത് 31-3-1992-ലെ ജി.ഒ. (എം.എസ്.) 23/92/വനം എന്ന ഉത്തരവ് പ്രകാരമാണ്. പാർക്കിന്റെ പ്രത്യേക സംരക്ഷണം കണക്കിലെടുത്ത് തയ്യാറാക്കിയ ഒന്നാംഘട്ട പ്ലാൻ ശരിയായ രീതിയിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല. കാപ്പുകാട് ഭാഗത്ത് ഭരണ വിഭാഗ ബ്ലോക്കിന്റെ നിർമ്മാണം ആരംഭിച്ചുവെങ്കിലും പൂർത്തീകരിച്ചിട്ടില്ല. എന്നാൽ പ്രക്ഷീണ വനങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങളും മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളും കാട്ടുതീ തടഞ്ഞുകൊണ്ടുള്ള വന സംരക്ഷണ പ്രവർത്തനങ്ങളും വനവൽക്കരണ പരിപാടിയും വനം, വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 1995 മുതൽ ഈ പ്രദേശത്ത് ഒന്നാം ഘട്ടത്തിന്റെ പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള വനവൽക്കരണ ജോലി മാത്രം ചെയ്താൽ മതിയെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ സംരക്ഷണ പ്രവർത്തികളിൽ കുറവ് വരുത്തിയിട്ടില്ല.

(സി) ഈ റെയിഞ്ചിന്റെ പേര് അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് (സ്പെഷ്യൽ) എന്നാണ്. ഇതിനെ സമീപ റെയിഞ്ചുകളിൽ ലയിപ്പിക്കുവാൻ ഉദ്ദേശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly